# കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)
## കേരള സംസ്ഥാന സമ്മേളനം

## 2018 ഫെബ്രുവരി 22 മുതൽ 25 വരെ
## സ: വി.വി.ദക്ഷിണാമൂർത്തി നഗർ, തൃശ്ശൂർ

**(പ്രസിദ്ധീകരണത്തിന്)** **25.02.2018**

**(സംസ്ഥാന സമ്മേളനം അംഗീകരിച്ച പ്രമേയം)**

# ദളിത് ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒന്നിക്കുക

രാജ്യത്ത് ദളിത് വിഭാഗങ്ങൾ കടുത്ത ആക്രമണങ്ങളേയും വിവേചനങ്ങളേയും നേരിടുകയാണ്. സവർണ്ണാധിപത്യത്താൽ നയിക്കപ്പെടുന്ന ബി.ജെ.പിയുടെ ഭരണം ദളിതർക്കും, മറ്റ് പിന്നോക്ക വിഭാഗക്കാർക്കും എതിരാണ്. ബി.ജെ.പിയെ നിയന്ത്രിക്കുന്ന ആർ.എസ്.എസ് ജാതിവ്യവസ്ഥയേയും, സാമൂഹ്യഅനാചാരങ്ങളേയും സംരക്ഷിക്കുന്നു. നൂറ്റാണ്ടുകളായി തുടരുന്ന ജാതിവ്യവസ്ഥ സാമ്പത്തിക ചൂഷണത്തേയും സാമൂഹ്യ വിവേചനത്തേയും ശക്തിപ്പെടുത്തുന്നതാണ്. സാമൂഹ്യ മുന്നേറ്റത്തിന്റെ ഫലമായി ഈ ഘടനയ്ക്ക് ചില മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും രാജ്യത്ത് ചൂഷണത്തിന്റെ അടിസ്ഥാനങ്ങളിലൊന്നായി ജാതിവ്യവസ്ഥ നിലനിൽക്കുകയാണ്. ഇന്ത്യയിലെ സവിശേഷതയായ ഇത്തരം സാമൂഹ്യനീതിയുടെ പ്രശ്നങ്ങളെ വർഗ്ഗസമരത്തിന്റെ ഭാഗമായി കണ്ടുകൊണ്ട് ഇടപെടാനാകണം.

19, 20 നൂറ്റാണ്ടുകളിൽ രാജ്യത്താകമാനം നടന്ന നവോത്ഥാന മുന്നേറ്റങ്ങൾ സാമൂഹ്യ വിവേചനത്തിന് എതിരായ അന്തരീക്ഷം രൂപപ്പെടുത്തി. എന്നാൽ ഈ നവോത്ഥാന മുന്നേറ്റങ്ങൾ ഭൂപരിഷ്കരണം പോലുള്ള അടിസ്ഥാന പ്രശ്നങ്ങളെ അഭിസംബോധന ചെയ്തില്ല. അതോടൊപ്പം തന്നെ സ്വാതന്ത്ര്യസമരത്തെ സാമൂഹ്യവിമോചനവുമായി കണ്ണി ചേർക്കുന്നതിൽ കോൺഗ്രസ് നേതൃത്വം പരാജയപ്പെടുകയും ചെയ്തു. ഇതിന്റെയെല്ലാം ഫലമായി സ്വാതന്ത്ര്യാനന്തരം ഭരണസംവിധാനവും ദളിത് ഗ്രൂപ്പുകളെ ശരിയായ രൂപത്തിൽ സമീപിച്ചില്ല. ജാതിവിവേചനം, സാമ്രാജ്യത്വ ഫ്യൂഡൽ വർഗ്ഗ താത്പര്യങ്ങളെ പ്രതിഫലിപ്പിക്കുന്നു.

മോദി ഭരണത്തിന് കീഴിൽ ദളിത് വിഭാഗങ്ങൾ ആക്രമണത്തിന് വിധേയമാകുന്നു. ഓരോ 18 മിനിട്ടിലും ഒരു അക്രമം വീതം ദളിതർക്കെതിരായുള്ളത് രാജ്യത്ത് റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. ചത്ത പശുക്കളുടെ തോലെടുത്ത് ഉപജീവനം നടത്തിയ ദളിത് വിഭാഗം തൊഴിൽ രഹിതരായി. ഇതിന്റെ പേരിൽ ദളിത് ജനവിഭാഗങ്ങൾ പലയിടങ്ങളിലും കൊല്ലപ്പെടുന്നു. ആർ.എസ്.എസ് അംഗീകരിക്കുന്ന ഹിന്ദുത്വതയിൽ ദളിതർക്ക് ഇടമില്ല. ഭരണഘടന വിഭാവനം ചെയ്യുന്ന സംവരണം തന്നെ എടുത്തുമാറ്റണമെന്നതാണ് സംഘപരിപാറിന്റെ നിലപാട്. യു.പിയിലെ ആദിത്യനാഥ് സർക്കാരിന്റെ ഭരണാരോഹണത്തെ ദളിതർ കൂടുതലായുള്ള പടിഞ്ഞാറൻ യു.പിയിൽ ആയിരക്കണക്കിന് ദളിത് വീടുകൾ ആക്രമിക്കാനാണ് സംഘപരിവാർ ഉപയോഗിച്ചത്. അംബേദ്കർ സ്മരണയുമായി മഹാരാഷ്ട്രയിലെ കൊറഗാവിൽ ഒത്തുചേർന്ന ദളിതർക്കു

നേരെയും സർക്കാർ പിന്തുണയോടെ ആർ.എസ്.എസ് അക്രമം അഴിച്ചു വിട്ടതും രാജ്യം രോഷത്തോടെയാണ് പ്രതികരിച്ചത്.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഹിന്ദു വ്യക്തിനിയമം ഭേദഗതി ചെയ്തപ്പോൾ ആർ.എസ്.എസ് എതിർത്തത് ചരിത്രത്തിന്റെ ഭാഗം. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന് ആർ.എസ്.എസ്സും ബി.ജെ.പിയും എതിരാണ്. ബി.ജെ.പിയുടെ ഇത്തരം ശ്രമങ്ങളെ ചെറുത്ത് തോൽപ്പിക്കാൻ കഴിയണം. ദളിത് വിഭാഗങ്ങൾക്കിടയിലെ ഉപജാതികൾക്കിട യിൽ നുഴഞ്ഞുകയറി സംഘർഷം സൃഷ്ടിക്കുകയെന്ന പദ്ധതിയും സംഘപരിവാർ ആവിഷ്കരിക്കുകയാണ്.

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ജാതി വിവേചനത്തിന് എതിരെന്ന മട്ടിൽ ഉയർന്നുവരുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് പൊതുവിൽ വോട്ടു ബാങ്കുകളെ സൃഷ്ടി ക്കാനും അധികാര രാഷ്ട്രീയം മാത്രം ലക്ഷ്യമാക്കുന്നതായിരുന്നു. ബി.എസ്.പി പോലുള്ള പാർടികൾക്ക് അധികാരം ലഭിച്ചിട്ടും ഭൂപരിഷ്കരണം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ഏറ്റെടുക്കാൻ തയ്യാറാകാത്തതും ഭരണവർഗ്ഗ താത്പര്യ സംരക്ഷണം മാത്രമാണ് ഫലത്തിൽ ഈ പ്രസ്ഥാനങ്ങളും പാർടികളും ചെയ്യുന്നതെന്ന് വ്യക്തം.

പൊതുമേഖലയുടെ സ്വകാര്യവത്കരണവും നിയമന നിരോധനവുമാണ് നവ ഉദാരവത്കരണ നയങ്ങളുടെ പ്രത്യാഘാതം. ഈ നയങ്ങളുടെ വക്താക്കളായി പിന്നോ ക്ക, ദളിത് രാഷ്ട്രീയം കൈകാര്യം ചെയ്യുന്ന പാർടികളും മാറുന്നു. പൊതുമേഖലയുടെ സ്വകാര്യവത്കരണം സംവരണത്തെ തകർക്കുന്നു. നിയമന നിരോധനം സംവര ണത്തെ പരിമിതപ്പെടുത്തുന്നു. ഈ സാഹചര്യത്തിൽ സ്വകാര്യ സ്ഥാപനങ്ങളിൽ എസ്.സി വിഭാഗങ്ങൾക്ക് സംവരണം ഉറപ്പാക്കേണ്ടതുണ്ട്. അതിനാവശ്യമായ നിയമ നിർമ്മാണത്തിന് കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കണമെന്ന് ഈ സമ്മേളനം ആവ ശ്യപ്പെടുന്നു.

മോദി സർക്കാർ അവതരിപ്പിച്ച ബജറ്റുകളിൽ പട്ടികജാതി പ്രത്യേക ഘടക പദ്ധതി ഉപേക്ഷിച്ചിരിക്കുകയാണ്. 2016–17 സാമ്പത്തിക വർഷത്തിനേക്കാൾ ഈ വർഷത്തെ ബജറ്റിൽ പട്ടികജാതി വിഹിതം 3% കുറച്ചിരിക്കുകയാണ്. പട്ടിക ജാതി പ്രത്യേകഘടക പദ്ധതി നിർത്തലാക്കരുതെന്ന് ഈ സമ്മേളനം കേന്ദ്രസർക്കാ രിനോട് ആവശ്യപ്പെടുന്നു.

ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ രൂപപ്പെട്ടുവന്ന നവോത്ഥാന മുന്നേറ്റങ്ങൾ സാമൂഹ്യവിവേചനത്തിന്റേതായ നീതികളെ ചോദ്യം ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരം പ്രശ്നങ്ങളുടെ അടിസ്ഥാനമായി ജന്മിത്വത്തെ കണ്ടുകൊണ്ട് അതിന്റെ സാമ്പത്തിക അടിത്തറയായ ജന്മിത്തത്വത്തെ തകർക്കുന്ന സമരങ്ങളുമായി ഈ മുന്നേറ്റങ്ങളെ കണ്ണി ചേർക്കുന്നതിന് കഴിയാത്ത സ്ഥിതിവിശേഷം രൂപപ്പെട്ടുവന്നു. നമ്മുടെ സംസ്ഥാനത്ത് ഭൂപരിഷ്കരണം നടപ്പിലാക്കാൻ കമ്മ്യൂണിസ്റ്റ് പാർടിയുടെ നേതൃത്വത്തിലുള്ള സർക്കാ രുകൾ ശക്തമായി ഇടപെട്ടു. ജന്മിത്വത്തിന്റെ സാമ്പത്തിക അടിത്തറ ഭൂപരിഷ്കരണം നടപ്പിലാക്കിയതിലൂടെ തകർത്തു. ഇത് തകർത്തത് ജാതി വിവേചനത്തിന്റെ രൂക്ഷതയെ ദുർബലപ്പെടുത്തി. ആധുനിക ജനാധിപത്യ സമൂഹത്തിന്റെ രൂപീകരണത്തിന് ഇത് ഇട യാക്കി.

1957 ലെ ഭൂപരിഷ്കരണ നിയമത്തിൽ മിച്ചഭൂമി പിടിച്ചെടുത്ത് ദളിതർ ഉൾപ്പെടെ യുള്ള കർഷകത്തൊഴിലാളികൾക്ക് പതിച്ച് നൽകാനുള്ള നടപടിയാണ് സ്വീകരിച്ചത്. എന്നാൽ വിമോചന സമരത്തെ തുടർന്ന് അധികാരത്തിലേറ്റ വലതുപക്ഷ സർക്കാരു കൾ മിച്ചഭൂമി ഇല്ലാതാക്കാനുള്ള നിയമ നടപടികൾ സ്വീകരിച്ചു. കേരളത്തിലെ ദളിത് ജനവിഭാഗത്തിന്റെ ഭൂപ്രശ്നം പരിഹരിക്കുന്നതിന് തടസ്സമായി നിന്നത് ഈ വലതുപക്ഷ സർക്കാരുകളുടെ നിലപാടാണ്. 1967 ൽ അധികാരത്തിലിരുന്ന പാർടിയുടെ നേതൃത്വ ത്തിലുള്ള സർക്കാരാണ് ദളിത് വിഭാഗത്തിന് മുൻഗണന നൽകിക്കൊണ്ട് കുടിയടപ്പ് അവകാശം ഉറപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചത്.

പൊതുവിദ്യഭ്യാസം, പൊതു ആരോഗ്യ സംവിധാനം, സാമുഹ്യ സുരക്ഷ പദ്ധതികളുടെ രക്ഷാവലയം തുടങ്ങിയ നടപടികൾ കേരളത്തിലെ ദളിത് ജനതയുടെ ജീവിതത്തെ മുന്നോട്ടു കൊണ്ടുപോകുന്നതിന് സഹായിച്ചു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി നോക്കിയാൽ മെച്ചപ്പെട്ട ജീവിതം കേരളത്തിലെ ദളിത് ജനവിഭാഗങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഇത് ഇടയാക്കി. എന്നാൽ കേരളത്തിന്റെ പൊതുസമൂഹത്തിന്റെ വികാസവുമായി തട്ടിച്ചു നോക്കിയാൽ ദളിത് ജനവിഭാഗങ്ങളുടെ ജീവിത നിലവാരം പിന്നോക്കമാണെന്ന് കാണാം. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയെന്നതാണ് നവകേരള സൃഷ്ടിക്ക് പ്രധാനമായും ചെയ്യേണ്ട ഒരു കാര്യമെന്ന് തിരിച്ചറിയേണ്ടതുണ്ട്.

ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അതുകൊണ്ടുതന്നെ ദളിത് ജനവിഭാഗത്തിന്റെ പ്രശ്നങ്ങൾ സവിശേഷ പ്രാധാന്യത്തോടെ കണ്ടുകൊണ്ട് ഇടപെടുകയാണ് ചെയ്യുന്നത്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ  വർദ്ധിപ്പിച്ചും, തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിച്ചും ഉയർത്തിയും സർക്കാർ  സ്വീകരിക്കുന്ന  നിലപാടുകൾ  അഭിനന്ദനാർഹമാണ്.  പട്ടികജാതി വിഭാഗത്തിനുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ 25% ഉയർത്താനായിട്ടുണ്ട്. ഈ മേഖലയിൽ ചികിത്സാ ധനസഹായമായി 58.45 കോടി രൂപ നൽകിയിട്ടുണ്ട്. 250 പട്ടികജാതി സങ്കേതങ്ങളുടെ സമഗ്ര വികസനത്തിന് ഏർപ്പെടുത്തിയ അംബേദ്കർ പദ്ധതിയും ശ്രദ്ധേയമായി. ഈ മേഖലയിലെ ഫണ്ടുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന്  സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.  ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിൽ  ദളിത് വിഭാഗത്തിൽപ്പെട്ടവരെ പൂജാരികളാക്കി കൊണ്ടും ദേവസ്വം ബോർഡുകളിൽ സംവരണം ഏർപ്പെടുത്തി കൊണ്ടും ശക്തമായ ചുവടുവെയ്പ്പ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

സാമൂഹ്യനീതിയുടെ പ്രശ്നങ്ങൾ വർഗ്ഗസമരത്തിന്റെ ഭാഗമായി കണ്ടുകൊണ്ട് ദളിത് ജനവിഭാഗങ്ങളുടെ പ്രശ്നങ്ങളിൽ സവിശേഷ പ്രാധാന്യത്തോടെ ഇടപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ ദളിത് ജനവിഭാഗത്തെ എല്ലാ മുന്നേറ്റങ്ങൾക്കെതിരേയും നിലപാട് സ്വീകരിക്കുന്ന ബി.ജെ.പിയെ എതിർക്കാനും ഇന്ത്യയിൽ ഇത്തരമൊരു അവസ്ഥ നിലനിർത്തിയ കോൺഗ്രസ്സിന്റെ നയങ്ങളെ തുറന്നുകാട്ടാനോ തയ്യാറാകാതെ സി.പി.ഐ (എം) നെതിരെ സ്വത്വരാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ സംഘടിച്ചിട്ടുള്ള ചില സംഘടനകൾ കേരളം വ്യത്യസ്തമല്ലെന്ന് സ്ഥാപിക്കാൻ ശ്രമിക്കുകയാണ്. അതുവഴി ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ മേൽക്കൈയിൽ ഇവിടെയുണ്ടായ സാമുഹ്യ മുന്നേറ്റങ്ങളെ നിഷേധിച്ച് സംഘപരിവാറിനെ സഹായിക്കുന്ന നിലപാട് സ്വീകരിക്കുകയാണ്.

വടയമ്പാടിയിലെ പൊതുയിടം  കൈയ്യേറിയ  പ്രശ്നങ്ങളെ പരിഹരിക്കുന്നതിന് ശക്തമായ നിലപാട് സ്വീകരിക്കുകയാണ് സി.പി.ഐ(എം) ചെയ്തത്. അവിടെയുണ്ടായിരുന്ന പൊതുമൈതാനം പൂർവ്വ സ്ഥിതിയിൽ എത്തിക്കുന്നതിനായി സർക്കാർ സംവിധാനങ്ങളുടെ ഇടപെടലിലൂടെ കഴിഞ്ഞിട്ടുമുണ്ട് എന്നിട്ടും ആ പ്രശ്നത്തിന്റെ പേരിലും സി.പി.ഐ (എം) നെ ഒറ്റപ്പെടുത്താനും ദളിത് വിരുദ്ധരെന്ന് പ്രചരിപ്പിക്കാനുമുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്.

വെൽഫയർ പാർടി, എസ്.ഡി.പി.ഐ, മാവോയിസ്റ്റുകൾ, മനുഷ്യാവകാശ സംഘടനകൾ എന്ന പേരിൽ പ്രവർത്തിക്കുന്ന  മുൻ നെക്സലറ്റുകളും, രാഷ്ട്രീയ ഇസ്ലാമിസ്റ്റുകളും ഇവരെല്ലാം സ്വത്വ രാഷ്ട്രീയത്തിന്റെ ഭാഗമായി  സി.പി.ഐ (എം) നെ ഒറ്റതിരിഞ്ഞ് ആക്രമിക്കാൻ ശ്രമിക്കുന്നുണ്ട്. ഇടതുപക്ഷ മനസ്സുള്ള കേരളത്തിൽ ഇടത് പക്ഷത്ത് എന്ന് തോന്നിച്ചു കൊണ്ട് വിമർശനങ്ങൾ നടത്തി പാർടിയെ ദുർബലപ്പെടുത്താനാണ് ശ്രമിക്കുന്നത്. സ്വത്വ രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളെ ഭിന്നിപ്പിച്ച് മുന്നോട്ട് പോകുന്നതിനും ധനമൂലധന ശക്തികൾക്കും ത്രീവ വർഗ്ഗീയ അജണ്ടകൾക്ക് എതിരേയും ഉയരേണ്ട പോരാട്ടങ്ങളെ ദുർബലപ്പെടുത്താനാണ് ഇത്തരം ശക്തികൾ ശ്രമിക്കുന്നത്.  ക്രമസമാധാന പ്രശ്നങ്ങൾ സൃഷ്ടിച്ച് അരക്ഷിതാവസ്ഥയുണ്ടാക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങളാണ് നടക്കുന്നത്. ഇത്തരം ശ്രമങ്ങളെ തുറന്നു കാണിക്കാനും പ്രതിരോധിക്കാനും കഴിയേണ്ടതുണ്ട്.

സാമുഹ്യമായ അടിച്ചമർത്തലിനും സാമ്പത്തികമായ ചൂഷണത്തിനുമെതിരായ പോരാട്ടങ്ങൾ ശക്തിപ്പെടുത്താനും ദളിത് ജീവിത നിലവാരം ഉയർത്താനുമുള്ള നടപടികളിൽ ജനങ്ങളാകെ ഒന്നിച്ച് അണിനിരക്കണമെന്ന് ഈ സമ്മേളനം മുഴുവൻ ജനങ്ങളോടും അഭ്യർത്ഥിയ്ക്കുന്നു.

* * *